നം.DDDKER/1065/2021–C1

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ:0471- 2445749, 2445799
ഇ-മെയിൽ dddtvm@gmail.com
തീയതി: 31/03/2021.

**സർക്കുലർ നം. 21/2021**

വിഷയം:-ക്ഷീരവികസനവകുപ്പ്- പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് പഴയ സ്കെയിലിൽ ക്ഷാമബത്ത പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 14/01/2016 ലെ സ.ഉ.(പി)നം. 2/2016/കൃഷി നം. സർക്കാർ ഉത്തരവ്.
2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 25/05/19 ലെ സി1/7733/19 നം. ഫയലിലെ 17/2019 നം. സർക്കുലർ.
3.08/02/2021 ലെ സ.ഉ.(പി) നം. 25/2021 /ഫിൻ നം.ഉത്തരവ്.

പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ഏകീകൃത സ്റ്റാഫ് പാറ്റേണും,സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ചു കൊണ്ട് ഒന്നാം സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ക്ഷാമബത്ത സംബന്ധിച്ചുള്ള ഖണ്ഡിക 12 പ്രകാരം 01/07/2014 ന ശേഷം പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത കേരള സർക്കാർ പ്രഖ്യാപിക്കുന്ന മുറയ്ക്ക് അതേ നിരക്കിൽ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും, ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ക്ഷാമബത്ത ലഭിക്കുന്നതിന് അർഹതയുണ്ട് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്.ഇതു പ്രകാരം 01/07/2018 വരെയുള്ള ക്ഷാമബത്ത വർദ്ധനവ് നൽകുന്നതിന് രണ്ടാം സൂചന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സൂചന (3) പ്രകാരം സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിലവിലുള്ളതിനേക്കാൾ 01/01/2019 മുതൽ 3% വീതവും, 01/07/2019 മുതൽ 5% വീതവും, 01/01/2020 മുതൽ 4% വീതവും, 01/07/2020 മുതൽ 4% വീതവും വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷീരസംഘം ജീവനക്കാർക്കു കൂടി, ഇതേ കാലയളവിൽ പഴയ സ്കെയിലിൽ ഇതേ

കെ.ജി. 30.03.21

നിരക്കിൽ ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകുന്നതിന് ഇതിനാൽ അനുമതി നൽകുന്നു. ഉത്തരവാകുന്നു.

സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ,വാർഷിക കച്ചവട ലാഭത്തിന്റെ 70 ശതമാനത്തിൽ അധികരിക്കില്ല എന്ന് ഉറപ്പാക്കി ഭരണസമിതി,ക്ഷാമബത്ത അനുവദിച്ച നൽകേണ്ടതാണ്. ക്ഷാമബത്ത പരിഷ്കരിക്കുമ്പോൾ മാത്രമേ ഭരണസമിതിയുടെ അനുമതി വാങ്ങേണ്ടതുള്ളൂ. ഓരോ മാസവും പുതുക്കിയ നിരക്കിൽ ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം വാങ്ങാവുന്നതാണ്.

ഡയറക്ടർ
ക്ഷീരസഹകരണസംഘം രജിസ്ട്രാർ/

എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും
(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ് :-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
   ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും,
   എല്ലാ ക്വാളിറ്റികൺട്രോൾ ഓഫീസർമാർക്കും
2. എല്ലാ ക്ഷീരവികസനആഫീസർമാർക്കും, ( ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റംഅഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സി,ജി, സൂപ്രണ്ടുമാർക്ക്
5. സി2, സി3, ജി1, ജി3 സീറ്റുകൾക്ക്

കെ.ജി. 30.03.21